# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.133/2024 തിരുവനന്തപുരം, തീയതി: 15/06/2024

## പത്രക്കുറിപ്പ്

## പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2024 ജൂൺ 19 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന പാർട്ട് ഒന്ന്, രണ്ട് ബി.എ./ബി.എ. അഫ്സൽ–ഉൽ–ഉലാമ (സാഹിത്യാചാര്യ/രാഷ്ട്രഭാഷ പ്രവീൺ പാസ്സായ വിദ്യാർത്ഥികൾ ഉൾപ്പെടെ)/ബി.കോം./ബി.പി.എ./ബി.എസ്സി. (ആന്വൽ/വിദൂരവിദ്യാഭ്യാസം) റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകൾ 2024 ജൂൺ 25 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ അനലിറ്റിക്സ് പരീക്ഷയുടെ 2024 ജൂൺ 17 ന് നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷ ജൂൺ 21 ലേക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ് പരീക്ഷയുടെ അനുബന്ധ പ്രാക്ടിക്കൽ പരീക്ഷ 2024 ജൂൺ 24, 28 തീയതികളിൽ അതാത് കോളേജുകളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല അറബിക് ടൈപ്പിംഗ് കോഴ്സിന്റെ ഇരുപതാമത് ബാച്ചിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു/തത്തുല്യം, ഫീസ് : 3000/- രൂപ, കാലാവധി : 3 മാസം, അപേക്ഷാഫോം തിരുവനന്തപുരം, കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.arabicku.in) ലഭ്യമാണ്. വിശദവിവരങ്ങൾക്കായി 0471-2308846/ 9633812633 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## പരീക്ഷ ഫീസ്

കേരളസർവകലാശാല 2024 ജൂലൈയിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ കോഴ്സുകളുടെ (റെഗുലർ - 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 അഡ്മിഷൻ) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ 2024 ജൂൺ 21 വരെയും 150 രൂപ പിഴയോടെ ജൂൺ 24 വരെയും 400 രൂപ പിഴയോടെ ജൂൺ 26 വരെയും SLCM സോഫ്ട്വെയർ മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ജൂലൈയിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എഡ്. (റെഗുലർ/സപ്ലിമെന്ററി – 2022 സ്കീം, സപ്ലിമെന്ററി – 2018 സ്കീം) പരീക്ഷകൾക്ക് പിഴകൂടാതെ 2024 ജൂൺ 21 വരെയും 150 രൂപ പിഴയോടെ ജൂൺ 24 വരെയും 400 രൂപ പിഴയോടെ ജൂൺ 26 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷ ഫീസ് തീയതി നീട്ടി

കേരളസർവകലാശാല 2024 ജൂലൈയിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്സി./ബി.കോം. (റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016 & 2018 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ 2024 ജൂൺ 21 വരെയും 150 രൂപ പിഴയോടെ ജൂൺ 25 വരെയും 400 രൂപ പിഴയോടെ ജൂൺ 27 വരെയും നീട്ടിയിരിക്കുന്നു.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം. അക്കൗണ്ട്സ് ആന്റ് ഡാറ്റ സയൻസ് (ന്യൂ ജനറേഷൻ) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 ജൂൺ 19 മുതൽ 21 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII (ഏഴ്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**